# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4519 18.05.2017-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ. യു.ആർ.പ്രദീപ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ക്ക് ആകെ എത്ര ശാഖകൾ ഉണ്ട്; ഈ ശാഖകൾ മുഖേന പ്രതിവർഷം എത്ര കോടി രൂപയുടെ ചിട്ടിയും മറ്റു ബിസിനസ്സുമാണ് നടത്തി വരുന്നത്; | (എ) | കെ.എസ്.എഫ്.ഇ. ക്ക് നിലവിൽ 568 ശാഖകൾ ആണുള്ളത്. 31.03.2017 ലെ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് പ്രതിവർഷം ഏകദേശം 17722 കോടി രൂപയുടെ ചിട്ടി കെ.എസ്.എഫ്.ഇ. നടത്തുന്നുണ്ട്. അത് കൂടാതെ മേൽ കണക്കനുസരിച്ച് 10225 കോടി രൂപയുടെ നിക്ഷേപവും 4696 കോടി രൂപയുടെ വായ്പയും അടക്കം ആകെ 32643 കോടി രൂപയുടെ ബിസിനസ്സ് കെ.എസ്.എഫ്.ഇയ്ക്ക് ഉണ്ട്. |
| (ബി) | നോട്ട് നിരോധനം കെ.എസ്.എഫ്.ഇ യെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (ബി) | നോട്ട് നിരോധനം കെ.എസ്.എഫ്.ഇ യെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2016 നവംബർ, ഡിസംബർ, 2017 ജനുവരി മാസങ്ങളിൽ തിരിച്ചടവിൽ 150 കോടി രൂപ മുതൽ 200 കോടി രൂപ വരെ കുറവ് വന്നിട്ടുണ്ട്. |
| (സി) | കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം കൂടുതൽ ജനകീയവും ജനോപകാരപ്രദവുമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം കൂടുതൽ ജനകീയവും ജനോപകാരപ്രദവുമാക്കുവാൻ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ഉത്സവകാല ചിട്ടികൾ തിരിച്ചു കൊണ്ടുവന്നു. പൊന്നോണച്ചിട്ടികൾ, പുതുവർഷച്ചിട്ടികൾ എന്നീ സമ്മാനത്തോടു കൂടിയ ബ്രാന്റഡ് ചിട്ടികൾ വിജയപ്രദമായി നടപ്പിലാക്കി. ഈ പദ്ധതികൾ തുടർച്ചയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | 2. പ്രവാസികൾക്ക വേണ്ടി ചിട്ടി തുടങ്ങാനുള്ള തയ്യാറെടുപ്പ് നടക്കുന്നു.<br>3. നോട്ടു നിരോധനം വന്ന 2016 നവംബർ മാസത്തിൽ ലേലം നീട്ടി വച്ചും പിഴപ്പലിശ ഒഴിവാക്കി ക്കൊടുത്തും ഇടപാടുകാരെ സഹായിച്ചു. ശാഖകളിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി. POS മെഷീനുകൾ സ്ഥാപിച്ചു.<br>4. ഇളവ് 2017 എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തി. ഇതുമൂലം ഏതാണ്ട് 300 കോടിരൂപയോളം കുടിശ്ശിക പിരിച്ചെടുക്കുകയും 13500 ഓളം കുടിശ്ശിക കേസുകൾ തീർപ്പാക്കുകയും ചെയ്തു.<br>5. അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിലായി 1104 (853+197+54) പേർക്ക് നിയമനം നൽകി. |

**സെക്ഷൻ ഓഫീസർ.**